20 ജൂൺ 2026
വാല്യം. 36
ലക്കം. 11

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 20-06-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

പിസിനാക് സംഗമം ദൈവ വചനത്തിനായ് ആയിരങ്ങൾ

• അമേരിക്കയിലെ ഏറ്റവും വിലയ നവീകരണ കൂട്ടായ്മ • മലങ്കരയുടെ വിശ്വാസ സംസ്കാരത്തിന്റെ പ്രഘോഷണം • ദൈവീക കരുതലിന്റെയും സ്നേഹത്തിന്റെയും ഒത്തുചേരൽ



റവ. ജോർജ് കെ.സ്റ്റീഫൻസൺ, സാം മാത്യു, പ്രസാദ് ജോർജ് സി.പി.എ, ഡോ. ജോനാഥൻ ജോർജ്, കുര്യൻ ഫിലിപ്, ചിക്കാഗോ, സിസ്റ്റർ ജീന വിൽസൺ

ചിക്കാഗോ: നാല് പതാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്തൽ കോൺഫ്രൻസ് ജൂലൈ 2 വ്യാഴാഴ്ച വൈകിട്ട് ഷാംബർഗ് കൺവെൻഷൻ സെന്ററിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ കൺവെൻഷൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ഡോ സതീഷ് കുമാർ മുഖ്യ സന്ദേശം നൽകും. പ്രീ കോൺഫ്രൻസ് പരിപാടികൾ അഞ്ചരമണിക്ക് ആരംഭിക്കും. പാസ്റ്റർ ലോഡ്സൺ ആന്റണി നേതൃത്വം നൽകുന്ന ഗായക സംഘം പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും. തുടർന്നുള്ള ദിവസങ്ങളിൽ റവ ജോ തോമസ്, ഡോ തോംസൺ കെ മാത്യു, ഡോ വിൽസൺ വർക്കി, പാസ്റ്റർ സാബു വർഗീസ്,ഡോ ഷിബു തോമസ് അറ്റ്ലാന്റാ,ഡോക്ടർ റിങ്കു തോംസൺ, റവ ജോർജ് പി ചാക്കോ, പാസ്റ്റർ അനീഷ് കൊല്ലം, ഡോ സജി ഫിലിപ്പ്, പാസ്റ്റർ വൈ യോഹന്നാൻ, പാസ്റ്റർ സജി മാത്യു, റവ ജോർജ് മാത്യു പുതുപ്പള്ളി റവ ജോൺസൺ ജോർജ് എന്നിവർ പ്രഭാഷണങ്ങൾ നടത്തും. ലേഡീസ് മീറ്റിങ്ങിൽ ഡോ. ആനി ജോർജ്, ജൂഡി പട്ടാശേരിൽ എന്നിവർ പ്രസംഗിക്കും. നാഷണൽ ലേഡീസ് കൺവീനർ സിസ്റ്റർ ജീന വിൽസൺ സമ്മേളനത്തിന് നേതൃത്വം നൽകും. എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും സമ്മേളനത്തിൽ റവ ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യാതിഥിയായിരിക്കും.

ഇംഗ്ലീഷ് സെക്ഷനിൽ ജോൺ ബിവിയർ, ജോ മുഠാമല്ലേ, ജെയ്സൺ ജെസുദാസൻ തുടങ്ങിയവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും. അമേരിക്കയിലെ പ്രസിദ്ധ വർഷിപ്പ് ഗ്രൂപ്പായ അപ്പർ റൂം പ്രൈസ് ആൻഡ് നേതൃത്വം നൽകും. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മറ്റ് നേതാക്കന്മാർ വിവിധ സമ്മേളനങ്ങളിൽ അധ്യക്ഷത വഹിക്കും. നാഷണൽ ഭാരവാഹികളായ ജോർജ് കെ.സ്റ്റീഫൻസൺ, സാം മാത്യു, പ്രസാദ് ജോർജ് ഡോക്ടർ ജോനാഥൻ ജോർജ്, ജീന വിൽസൺ എന്നിവർ നേതൃത്വം നൽകും.

ഐപിസി കേരളസ്റ്റേറ്റിന് പുതിയ ഭരണസമിതി

സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ കെ.സി.തോമസും സെക്രട്ടറിയായി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിലും ട്രഷററായി ബിനു വി.ജോർജും തിരഞ്ഞെടുക്കപ്പെട്ടു



ജോജി ഐപ്പ് മാത്യൂസ്

കുമ്പനാട്: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ (ഐപിസി) കേരള സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ കെ.സി.തോമസും സെക്രട്ടറിയായി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിലും ട്രഷററായി ബിനു വി. ജോർജും തിരഞ്ഞെടുക്കപ്പെട്ടു.

മറ്റു ഭാരവാഹികൾ: വൈസ് പ്രസിഡന്റ് പാസ്റ്റർ ഷിബു നെടുവേലിൽ, ജോയിന്റ് സെക്രട്ടറിമാർ പാസ്റ്റർ കെ.സി. ഉമ്മൻ, ബ്രദർ ഗ്ലാഡ്സൻ ജേക്കബ്, ട്രഷറർ ബ്രദർ ബിനു വി.ജോർജ്.

ജൂൺ 10 ന് മുട്ടുമൺ ഐസി

(ശേഷം പേജ് 6)

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക. 9961720195

ക്രൈസ്തവർക്കെതിരായ അതിക്രമങ്ങൾ വ്യാപകമാകുന്നു: പീപ്പിൾസ് ട്രിബ്യൂണൽ

ന്യൂഡൽഹി: വിവിധ സംസ്ഥാനങ്ങളിലെ ആദിവാസി മേഖലകളിലെയും ഗ്രാമപ്രദേശങ്ങളിലെയും ക്രൈസ്തവരെ ഉന്നമിട്ട് അതിക്രമങ്ങൾ വ്യാപകമാകുന്നതായും ഇത് ഭരണഘടന നൽകുന്ന പൗരാവകാശങ്ങളുടെ ലംഘനമാണെന്നും മനുഷ്യാവകാശ സംഘടനയായ പീപ്പിൾസ് ട്രിബ്യൂണൽ. ഭരണഘടന ഉറപ്പ് നൽകുന്ന മതസ്വാതന്ത്ര്യം കടുത്ത ഭീഷണി നേരിടുകയാണെന്ന് പ്രമുഖ മാധ്യമ പ്രവർത്തകനും മനുഷ്യാവകാശ പ്രവർത്തകനുമായ ജോൺ ദയാൽ വാർത്ത സമ്മേളനത്തിൽ ചൂണ്ടിക്കാട്ടി. അക്രമ സംഭവങ്ങളുടെയും ഭീഷണിപ്പെടുത്തലിന്റെയും വീഡിയോദൃശ്യങ്ങൾ ഉൾക്കൊള്ളുന്ന ഡോക്യുമെന്ററി വാർത്താസമ്മേളനത്തിൽ അവതരിപ്പിച്ചു. പുരുഷന്മാരെ ശാരീരികമായി മർദിക്കുകയും കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള സ്ത്രീകളെയും പെൺകുട്ടികളെയും പീഡിപ്പിക്കുകയും ചെയ്യുന്ന നീചവും ഹീനവുമായ സംഭവങ്ങൾ പല കോണുകളിലും നടക്കുന്നുണ്ടെന്നും ഗർഭിണികളെപ്പോലും ശാരീരികമായി ആക്രമിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും സാമൂഹിക പ്രവർത്തകയായ വിദ്യ ദിനകർ വിശദീകരിച്ചു. മതപരിവർത്തന നിരോധന നിയമം പാസാക്കിയ സംസ്ഥാനങ്ങളിലാണ് അക്രമങ്ങൾ കൂടുതലെന്നും മതപരിവർത്തന ആരോപണം അക്രമങ്ങൾക്കുള്ള മറയായി ഉപയോഗിക്കുകയാണെന്നും അവർ ചൂണ്ടിക്കാട്ടി.

നോർത്ത് അമേരിക്കൻ ദൈവസഭകളുടെ ദേശീയ സമ്മേളനം



ഡെൻവർ, കോളറാഡോ: നോർത്ത് അമേരിക്കയിലുള്ള ദൈവസഭകളുടെ ഇരുപത്തിഒൻപതാമത് ദേശീയ സമ്മേളനം ഡെൻവർ, കോളറാഡോയിൽ ഒരുക്കങ്ങൾ പൂർത്തീകരണത്തിലേക്ക്.

നോർത്ത് അമേരിക്കയിലുള്ള ദൈവസഭകളുടെ ഇരുപത്തിഒൻപതാമത് ദേശീയ സമ്മേളനം ഡെൻവർ മറോട്ട് ടെക് സെന്ററിൽ 2026 ജൂലൈ 9-12 തീയതികൾ നടത്തപ്പെടുവാനുള്ള ക്രമീകരണങ്ങൾ പൂർത്തീകരണത്തിലേക്ക് എത്തുകയാണ് . അമേരിക്കയുടെ പാശ്ചാത്യ ഭാഗത്ത് ആദ്യമായി നടക്കുന്ന സമ്മേളനം ആയതിനാൽ ഇത് ചരിത്രപരമായ ഒരു സംഭവം ആകുമെന്ന് സംഘാടകർ വിശ്വസിക്കുന്നു.

ജോവേൽ 2:28നാൽ പ്രചോദിതമായി കോൺഫറൻസിന്റെ തീം 'ആത്മാവിൽ ഏകത' എന്നാണ്. സമ്മേളനം വിശ്വാസികൾ ആത്മീയമായി ബന്ധപ്പെടാനും ഒപ്പം മലകൾ നിറഞ്ഞു നിൽക്കുന്ന കൊളറാഡോയുടെ മനോഹര സൗന്ദര്യ

(ശേഷം പേജ് 5)

കൊച്ചുപ്പാപ്പൻ

പാകിസ്ഥാനുമായി ഇന്ത്യയ്ക്ക് സുഹൃദ്ബന്ധം ഉണ്ടാകണമെന്ന് **ആർഎസ്എസ്**



അറിവ് - തിരിച്ചറിവ്!!!

എഫ്സിആർഎ ബിൽ: ജൂൺ 28നു ദേശീയ പ്രാർത്ഥനാദിനമായി ആചരിക്കാൻ സിബിസിഐ

ന്യൂഡൽഹി: പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ വിദേശ സംഭാവന നിയന്ത്രണ (എഫ്സിആർഎ) ഭേദഗതി ബിൽ 2026 പാസാക്കിയേക്കുമെന്ന ആശങ്കകളെത്തുടർന്ന് ജൂൺ 28 ഞായറാഴ്ച രാജ്യവ്യാപകമായി പ്രാർത്ഥനാദിനമായി ആചരിക്കാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (സിബിസിഐ) ആഹ്വാനം. ഏപ്രിലിൽ നടന്ന പാർലമെന്റ് സമ്മേളനത്തിൽ ബില്ല് ലോക്സഭയിൽ അവതരിപ്പിച്ചെങ്കിലും പ്രതിഷേധം മൂലം തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. എന്നാൽ ജൂലൈ മൂന്നാം



വാരം ആരംഭിക്കുന്ന വർഷകാല സമ്മേളനത്തിൽ ബില്ല് അവതരിപ്പിച്ചേക്കുമെന്നാണ് സൂചന.

ഇതിന്റെ പശ്ചാത്തലത്തിലാണ് രാജ്യത്തെ എല്ലാ മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി അയച്ച സർക്കുലറിൽ സിബിസിഐ അധ്യക്ഷൻ കർദിനാൾ ഡോ. ആന്റണി പൂല പ്രാർത്ഥനാദിനാചരണത്തിന് ആഹ്വാനം ചെയ്തത്. ഇതര സഭാ വിഭാഗങ്ങളുമായി കൈകോർത്ത് സംയുക്ത പ്രാർഥനാക്കൂട്ടായ്മകൾ സംഘടിപ്പിക്കാനും നിർദേശമുണ്ട്.

കൂടാതെ സമാധാനപരവും ജനാധിപത്യപരവുമായ രീതിയിൽ ആശങ്കകൾ പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി രൂപതകളും ഇടവകകളും ഒപ്പുകൾ ശേഖരിച്ച് നിവേദനങ്ങൾ ബന്ധപ്പെട്ട അധികാരികൾ മുഖേന കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും സർക്കുലറിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമുട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ജു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com

ബൈബിൾ യൂറോപ്പ്



വെളിപ്പാട് പുസ്തകത്തിലെ സഭകൾ...
വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

▸▸ പത്മോസ് ▸▸ ടർക്കി
▸▸ ഗ്രീസ് ▸▸ റോം ▸▸ വത്തിക്കാൻ

▸ എഫെസൊസ് ▸ സ്മുർന്ന
▸ പെർഗ്ഗമൊസ് ▸ തുയഥൈര
▸ സർദ്ദിസ് ▸ ഫിലദെൽഫ്യ
▸ ലവൊദിക്ക്യാ ▸ ഏഥൻസ്
▸ കൊരിന്ത് ▸ ഫിലിപ്പ്യ
▸ തെസ്സലോനിക്യ ▸ ബറോവ

Beyond Patmos



12 രാത്രി
13 പകൽ



ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



2026
സെപ്റ്റംബർ
14



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

91 9961720195 | +1 9143493978
e-mail: maruppacha@gmail.com | web: www.maruppacha.com



മാത്യൂ ചെമ്പുകണ്ടത്തിൽ



കേരള രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന് പ്രസക്തി നഷ്ടപ്പെട്ടോ?

1950കളിൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ബഹുജന അടിത്തറ പാകുന്നതിൽ കലയും സാഹിത്യവും വലിയ പങ്കുവഹിച്ചു. പ്രമുഖ നാടകകൃത്ത് തോപ്പിൽ ഭാസി രചിച്ച 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം അക്കാലത്ത് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായി. എന്നാൽ, നാല് പതിറ്റാണ്ടുകൾക്ക് ശേഷം പഴയകാല നക്സൽ പ്രവർത്തകനായിരുന്ന സിവിക് ചന്ദ്രൻ 'നിങ്ങളാരെ കമ്മ്യൂണിസ്റ്റാക്കി?' എന്ന നാടകമെഴുതിയത് കേരളീയ രാഷ്ട്രീയ മണ്ഡലത്തിൽ വലിയ ചർച്ചകൾക്കും കോളിക്കങ്ങൾക്കും വഴിവെച്ചു. ഈ നാടകത്തിന് മറുപടിയായി കണിയാപുരം രാമചന്ദ്രൻ 'നിന്റെ തന്തയെ കമ്മ്യൂണിസ്റ്റാക്കി' എന്നൊരു നാടകം എഴുതുന്നുവെന്ന അഭ്യൂഹങ്ങൾ മാധ്യമങ്ങളിൽ പരന്നിരുന്നു. ഇതിന്റെ തുടർച്ചയെന്നോണം 'തന്ത ആരെന്ന് ആർക്കറിയാം?' എന്ന പേരിൽ മറ്റൊരു നാടകം കൂടി വരുമെന്ന പ്രചാരണവും അക്കാലത്ത് ശക്തമായിരുന്നു.

സിവിക് ചന്ദ്രൻ വിവാദനായകനായിരുന്ന കാലത്ത് തലശ്ശേരിയിൽ നടന്ന കെ.സി.വൈ.എം. സംസ്ഥാന സമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം ഇന്നും പ്രസക്തമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്രത്തെയും പ്രായത്തെയും ബന്ധിപ്പിച്ചുകൊണ്ട് അദ്ദേഹം അന്ന് പറഞ്ഞു: 'മുപ്പതു വയസ്സുവരെ നിങ്ങൾ കമ്മ്യൂണിസ്റ്റായില്ലെങ്കിൽ നിങ്ങൾക്ക് ഹൃദയമില്ല, മുപ്പതു കഴിഞ്ഞും കമ്മ്യൂണിസ്റ്റായി തുടർന്നാൽ നിങ്ങളുടെ തലയിൽ തലച്ചോറില്ല.' പാർട്ടിയുടെ കർക്കശമായ ചട്ടക്കൂടുകളെ വിമർശിക്കാനാണ് അദ്ദേഹം ഈ വാചകം ഉപയോഗിച്ചത്.

കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ ഒരുകാലത്ത് ലോകത്തിന്റെ വലിയൊരു ഭാഗത്തെ സ്വാധീനിച്ചിരുന്നുവെങ്കിലും, ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ തന്നെ അതിന്റെ പ്രായോഗിക പരിമിതികൾ ലോകം തിരിച്ചറിഞ്ഞു. എങ്കിലും, ഈ ചിന്താധാര ഇപ്പോഴും സജീവമായി നിലനിൽക്കുന്ന അപൂർവ്വം ഇടങ്ങളിലൊന്നാണ് കേരളം. കേരളത്തിലെ സാധാരണക്കാർ മാത്രമല്ല, ക്രൈസ്തവമുസ്ലിംഹൈന്ദവ മതമേലധ്യക്ഷന്മാർ പോലും പലപ്പോഴും കമ്മ്യൂണിസ്റ്റ് സ്വാധീനത്തിലായിട്ടുണ്ട്. കാലംചെയ്ത പൗലോസ് മാർ പൗലോസും നിരണം യാക്കോബായ സഭയുടെ ഭദ്രാസനാധിപൻ മാർ കൂറിലോസും വിമോചന ദൈവശാസ്ത്രത്തിന്റെ പ്രമുഖ വക്താവായിരുന്ന ഫാ. എസ്. കാപ്പനും തങ്ങളുടെ മതപരമായ സ്വപ്നങ്ങൾക്ക് മുകളിൽ കമ്മ്യൂണിസ്റ്റ് ആദർശങ്ങളെ പ്രതിഷ്ഠിച്ചവരാണ്.

എന്താണ് കമ്മ്യൂണിസം?

ഭൂമി, ഫാക്ടറികൾ, യന്ത്രങ്ങൾ തുടങ്ങിയ ഉൽപാദന ഉപാധികളുടെ പൊതു ഉടമസ്ഥതയിലൂടെ വർക്ഷരഹിതവും ചൂഷണരഹിതവുമായ ഒരു സാമൂഹികസാമ്പത്തിക ഘടന സൃഷ്ടിക്കാനാണ് കമ്മ്യൂണിസം ലക്ഷ്യമിടുന്നത്. 'ഓരോരുത്തരും സ്വന്തം കഴിവിനനുസരിച്ച് അധ്വാനിക്കുക, ഓരോരുത്തർക്കും അവരവരുടെ ആവശ്യാനുസരണം വിഭവങ്ങൾ ലഭ്യമാക്കുക' എന്നതാണ് ഈ വ്യവസ്ഥിതിയുടെ അന്തസ്സത്ത. സ്വകാര്യസ്വത്ത് എന്ന സങ്കൽപ്പത്തെ പൂർണ്ണമായും നിരാകരിക്കുന്ന ഈ പ്രത്യയശാസ്ത്രം, സമ്പത്ത് ഒരു ചെറിയ വിഭാഗത്തിൽ കേന്ദ്രീകരിക്കുന്നത് തടയാനും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലൂടെ സാമൂഹിക സമത്വം ഉറപ്പാക്കാനും ശ്രമിക്കുന്നു. കാൾ മാർക്സ്, ഫ്രെഡറിക് ഏംഗൽസ് എന്നിവരാണ് ഈ വിപ്ലവകരമായ ചിന്താഗതി വികസിപ്പിച്ചെടുത്തത്.

കമ്മ്യൂണിസ്റ്റ് ദർശനപ്രകാരം ലോകചരിത്രം എന്നത് വർഗ്ഗ സമരങ്ങളുടെ പരിണതഫലമാണ്. മുതലാളിത്തം തകരുകയും സോഷ്യലിസത്തിലൂടെ കടന്ന് പൂർണ്ണമായ കമ്മ്യൂണിസത്തിൽ എത്തുകയും ചെയ്യുമ്പോൾ ഭരണകൂടങ്ങൾ പോലും ആവശ്യമില്ലാത്ത ഒരു സ്വതന്ത്രസമൂഹം നിലവിൽ വരുമെന്ന് ഈ സിദ്ധാന്തം വിഭാവനം ചെയ്യുന്നു.

ഇടതുപക്ഷവും വലതുപക്ഷവും

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ നടന്ന ഫ്രഞ്ച് വിപ്ലവകാലത്താണ് രാഷ്ട്രീയത്തിലെ 'ഇടത്വലത്' വേർതിരിവുകൾ രൂപപ്പെടുന്നത്. 1789ലെ ഫ്രഞ്ച് നാഷണൽ അസംബ്ലിയിൽ രാജാധികാരത്തെയും പാരമ്പര്യങ്ങളെയും മതവിശ്വാസങ്ങളെയും അനുകൂലിച്ചവർ അസംബ്ളിയിൽ വലതുവശത്തിരുന്നു. എന്നാൽ, വിപ്ലവത്തെ അനുകൂലിച്ചവരും മാറ്റം ആഗ്രഹിച്ചവരും ജനാധിപത്യം പൂർണ്ണരൂപത്തിൽ വരണമെന്ന് വാദിച്ചവരും അസംബ്ലിയിൽ ഇടതുഭാഗത്തും ഇരുന്നു. തികച്ചും ആകസ്മികമായ ഈ ഇരിപ്പിട ക്രമീകരണമാണ് പിൽക്കാലത്ത് ആഗോള രാഷ്ട്രീയത്തിലെ പ്രത്യയശാസ്ത്ര വേർതിരിവിനു അടയാളമായി മാറിയത്.

പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ ഈ രാഷ്ട്രീയ കാഴ്ചപ്പാടുകൾ ലോകമെമ്പാടും പടർന്നു. ദേശീയത, പാരമ്പര്യ സംരക്ഷണം, സ്വകാര്യ മൂലധനം എന്നിവ വലതുപക്ഷ രാഷ്ട്രീയത്തിന്റെ മുഖമുദ്രകളായി. എന്നാൽ ഇടതുപക്ഷ ചിന്താധാരകൾ സാമൂഹിക സമത്വം, മതനിരപേക്ഷത, മനുഷ്യാവകാശം, തൊഴിലാളിസ്ത്രീ മുന്നേറ്റം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട് വലിയ തോതിൽ വികസിച്ചു. ഇപ്പോൾ കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയും ഇടതുപക്ഷ ചിന്തയുടെ ഭാഗമായി മാറി.

കമ്മ്യൂണിസവും ഇടതുപക്ഷവും

ആഗോള രാഷ്ട്രീയത്തിൽ ആഗോളതലത്തിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന് വലിയ പ്രാധാന്യം ലഭിച്ചത് കാൾ മാർക്സിന്റെ കമ്മ്യൂണിസ്റ്റ് ദർശനങ്ങളിലൂടെയാണ്. അധ്വാനിക്കുന്നവരുടെ പക്ഷം എന്ന നിലയിൽ റഷ്യയിലും ചൈനയിലും യൂറോപ്പിലും കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പടർന്നു. ഒരുകാലത്ത് നാല്പതോളം രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് സർക്കാരുകൾ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് അവ നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു.

പടിഞ്ഞാറൻ രാജ്യങ്ങളിൽ കമ്മ്യൂണിസത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നില്ലെങ്കിലും അവിടെ ശക്തമായ ഇടതുപക്ഷ രാഷ്ട്രീയം നിലനിൽക്കുന്നുണ്ട്. ഇംഗ്ലണ്ടിലെ ലേബർ പാർട്ടി, അമേരിക്കയിലെ ഡെമോക്രാറ്റുകൾ, കാനഡയിലെ ലിബറൽ പാർട്ടി, ഫ്രാൻസിലെ സോഷ്യലിസ്റ്റ് പാർട്ടി എന്നിവയെല്ലാം ഇടതുപക്ഷ പാർട്ടികളാണ്. എന്നാൽ ഇവയൊന്നും കമ്മ്യൂണിസ്റ്റ് ദർശനങ്ങളിൽ നിന്ന് ഉണ്ടായതല്ല. കമ്മ്യൂണിസവും ഇടതുപക്ഷവും രണ്ടാണെന്ന തിരിച്ചറിവ് ഇതിൽ നിന്നാണ് ഉണ്ടാകുന്നത്. ഇടതു ചിന്താഗതിയിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കാണാം. എന്നാൽ ഇടതുപക്ഷം എന്നത് കമ്മ്യൂണിസമല്ല എന്നതാണ് അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട വസ്തുത.

ഇന്ത്യൻ പാർലമെന്റിലും പല സംസ്ഥാനങ്ങളിലും ഭരണം നടത്തുന്നത് തീവ്ര വലതുപക്ഷ നിലപാടുള്ള ബി.ജെ.പിയാണ്. സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യയിൽ ഇടതുപക്ഷ പാർട്ടികൾ ശക്തമായിരുന്നെങ്കിലും അവയെല്ലാം ഇപ്പോൾ ദുർബലമായിപ്പോയി. എന്നാൽ ഇന്ന് ബി.ജെ.പിയെ നേരിടുന്നത് പലയിടങ്ങളിലും ഇടതുപക്ഷമല്ല, മറിച്ച് കോൺഗ്രസ് ഉൾപ്പെടെയുള്ള വലതുപക്ഷ പാർട്ടികൾ തന്നെയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രതിപക്ഷത്തെ ഇടതുപക്ഷമായി തെറ്റിദ്ധരിക്കുന്ന രീതിയുണ്ട്. യഥാർത്ഥത്തിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന് വലിയ സാധ്യതകളുണ്ടെങ്കിലും അധികാര രാഷ്ട്രീയത്തിന്റെ താല്പര്യങ്ങൾ പലപ്പോഴും ഈ സാധ്യതകളെ ഇല്ലാതാക്കുന്നു. അധികാരം നേടാനും നിലനിർത്താനും ഇടതുപക്ഷ പാർട്ടികൾ വലതുപക്ഷത്തും വലതുപക്ഷ പാർട്ടികൾ പലതും ഇടതുപക്ഷത്തും ചേർന്നു നിൽക്കുന്നതു കാണാം.

കമ്മ്യൂണിസവും ഇടതുപക്ഷവും

കേരള രാഷ്ട്രീയത്തിൽ കേരളത്തിൽ 1930കളിലെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ നിന്നാണ് ഇന്നത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വളർന്നത്. ഭൂപരിഷ്കരണം, തൊഴിലാളി ക്ഷേമം തുടങ്ങിയ മേഖലകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ചരിത്രപരമായ മാറ്റങ്ങൾ കൊണ്ടുവന്നു. എന്നാൽ മാർക്സിയൻ സിദ്ധാന്തങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ പലപ്പോഴും യഥാർത്ഥ ജനാധിപത്യ രീതികൾ വിസ്മരിക്കപ്പെട്ടു.

ഇടതുപക്ഷ ദർശനവും കമ്മ്യൂണിസവും ഒന്നാണെന്ന മിഥ്യാധാരണ കേരള സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്നു. ഈ അബദ്ധധാരണയുടെ ഫലമായി കേരളത്തിലെ ഇടതുപക്ഷ ചിന്തകളുടെ പൂർണ്ണ നിയന്ത്രണം കമ്മ്യൂണിസ്റ്റ് നേതാക്കളുടെ കൈകളിലെത്തി. ഇത് ആധുനിക ലോകത്തിന് അനുയോജ്യമായ രീതിയിൽ സ്വതന്ത്രമായ ഇടതുപക്ഷ ചിന്തകൾ വളരുന്നതിനെ തടസ്സപ്പെടുത്തി. പുരോഗമനപരമായ പല ഇടതുപക്ഷ ആശയങ്ങളും മലയാളികൾക്ക് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയാതെ പോകുന്നത് ഈ കമ്മ്യൂണിസ്റ്റ് വിദ്വേഷത്തിന്റെ പേരിലാണ്.

ഇടതുപക്ഷത്തിന്റെ കാലിക പ്രസക്തി

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കേരളം നേരിടുന്ന വെല്ലുവിളികൾ പഴയ വർഗ്ഗസമര സിദ്ധാന്ത

കേരളത്തിന് ഇനി വേണ്ടത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കീഴിൽ അന്ധമായി അനുസരിക്കുന്നവരെയല്ല, മറിച്ച് സാമൂഹിക നീതിയും പരിസ്ഥിതി ബോധവും ലിബറൽ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു സ്വതന്ത്ര ഇടതുപക്ഷ രാഷ്ട്രീയത്തെയാണ്. നിരീശ്വരവാദം, യുക്തിവാദം എന്നിവയിൽ വിശ്വസിക്കുന്ന വർദ്ധിച്ചുവരുന്ന സമൂഹത്തെ ശരിയായ ഇടതുപക്ഷ മൂല്യങ്ങൾ കൊണ്ടാണ് നയിക്കേണ്ടതുണ്ട്. അതിനായി കമ്മ്യൂണിസ്റ്റ് പാർട്ടികൾ സ്വയം പരിഷ്കരിക്കുകയോ ജനാധിപത്യപരമായ പുതിയ രാഷ്ട്രീയ ധാരകൾക്ക് വഴിമാറിക്കൊടുക്കുകയോ വേണം. മാറിയ ലോക സാഹചര്യത്തിൽ പാർട്ടിയേക്കാൾ ഉപരിയായി ജനപക്ഷത്തിനാണ് പ്രാധാന്യമെന്ന യാഥാർത്ഥ്യം തിരിച്ചറിയപ്പെടണം.

(ശേഷം പേജ് 5)



വചനപ്രകാരം 19

പി.എസ്. ചെറിയാൻ

വിമർശനങ്ങൾ എങ്ങനെ നേരിടണം?



വിമർശനങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. നാം ചെയ്യുന്ന കാര്യങ്ങൾ നല്ലതാണെങ്കിലും ചീത്തയാണെങ്കിലും അതിനെ വിലയിരുത്താനും വിമർശിക്കാനും ആളുകളുണ്ടാകും. എന്നാൽ ഒരു ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ച് വിമർശനങ്ങളെ എങ്ങനെ നേരിടണം എന്നതിന് വ്യക്തമായ മാർഗ്ഗരേഖ ബൈബിൾ നൽകുന്നുണ്ട്.

വിമർശനങ്ങളെ തളർച്ചയ്ക്കല്ല, മറിച്ച് വളർച്ചയ്ക്കുള്ള പടവുകളാക്കി മാറ്റാൻ കഴിയുന്നതാണ് വിജയം.

'നിങ്ങൾക്ക് നേരെ എറിയപ്പെടുന്ന കല്ലുകൾ കൊണ്ട് ശക്തമായ ഒരു അടിത്തറ പണിയുക. അതാണ് യഥാർത്ഥ വിജയം' മദർ തെരേസയുടെ വാക്കുകളാണിത്.'സത്യം നിങ്ങളുടെ പക്ഷത്താണെങ്കിൽ, നിങ്ങൾ കോപിക്കേണ്ട ആവശ്യമില്ല. സത്യം നിങ്ങളുടെ പക്ഷത്തല്ലെങ്കിൽ, കോപിക്കാൻ നിങ്ങൾക്ക് യാതൊരു അവകാശവുമില്ല' എന്നാണ് മഹാത്മാ ഗാന്ധി പറഞ്ഞത്.

1. സൗമ്യതയോടും ക്ഷമയോടും കൂടെ പ്രതികരിക്കുക

വിമർശനങ്ങൾ നേരിടുമ്പോൾ പെട്ടെന്ന് ദേഷ്യപ്പെടുകയോ തിരിച്ച് ആക്രമിക്കുകയോ ചെയ്യുന്നത് സ്വാഭാവികമായ മനുഷ്യസഹജമായ പ്രതികരണമാണ്. എന്നാൽ ബൈബിൾ നമ്മെ പഠിപ്പിക്കുന്നത് ശാന്തത പാലിക്കാനാണ്.

'മൃദുവായ മറുപടി ക്രോധത്തെ ശമിപ്പിക്കുന്നു; കഠിനമായ വാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു' (സദൃശവാക്യങ്ങൾ 15:1). സൗമ്യമായ ഒരു മറുപടിക്ക് വലിയൊരു തർക്കത്തെ ഇല്ലാതാക്കാൻ കഴിയും. യേശുക്രിസ്തുവിനെതിരെ എത്രയോ കപടമായ വിമർശനങ്ങളും കുറ്റപ്പെടുത്തലുകളും ഉണ്ടായി! എന്നാൽ അവിടുന്ന് അക്രമം കൊണ്ടല്ല, മറിച്ച് സ്നേഹം കൊണ്ടും നിശബ്ദത കൊണ്ടുമാണ് അതിനെ നേരിട്ടത്.

2. സ്വയം പരിശോധന നടത്തുക (വിമർശനങ്ങളിൽ സത്യമുണ്ടോ എന്ന് നോക്കുക)

എല്ലാ വിമർശനങ്ങളും നമ്മെ തകർക്കാൻ വേണ്ടിയുള്ളതല്ല. ചിലത് നമ്മുടെ തെറ്റുകൾ തിരുത്താനുള്ള ദൈവത്തിന്റെ വഴികളാകാം. ഒരു വിമർശനം കേൾക്കുമ്പോൾ അതിൽ എന്തെങ്കിലും സത്യമുണ്ടോ എന്ന് നാം പ്രാർത്ഥനാപൂർവ്വം ചിന്തിക്കണം.

> വിമർശനങ്ങൾ ഒരു ശില്പിയുടെ ഉളി പോലെയാണ്. അത് നമ്മെ വേദനിപ്പിച്ചേക്കാം, പക്ഷേ ശരിയായ രീതിയിൽ അതിനെ സ്വീകരിച്ചാൽ അത് നമ്മിലെ അനാവശ്യ ഭാഗങ്ങളെ ചെത്തിമാറ്റി മനോഹരമായ ഒരു ശില്പമാക്കി നമ്മെ മാറ്റും. വിമർശനങ്ങൾ ഉണ്ടാകുമ്പോൾ തളർന്നുപോകാതെ, ക്രിസ്തുവിനെപ്പോലെ ക്ഷമയോടും പ്രാർത്ഥനയോടും കൂടെ അതിനെ നേരിടാം. അത് നമ്മെ ആത്മീയമായും വ്യക്തിപരമായും കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കും.

'ബുദ്ധിമാനായ ഒരുവൻ നിന്നെ ശാസിച്ചാൽ, അത് നിന്റെ കാതുകൾക്ക് പൊൻകടുക്കനും തങ്കാഭരണവും പോലെയാണ്' (സദൃശവാക്യങ്ങൾ 25:12).

നമ്മെ സ്നേഹിക്കുന്നവർ തരുന്ന തിരുത്തലുകളെ (Constructive Criticism) നാം വിലമതിക്കണം. അത് നമ്മെ കൂടുതൽ നല്ലൊരു മനുഷ്യനാക്കി മാറ്റും.

3. തിന്മയ്ക്ക് പകരം നന്മ ചെയ്യുക

നമ്മെ മനഃപൂർവ്വം വേദനിപ്പിക്കാൻ വേണ്ടി നടത്തുന്ന വിമർശനങ്ങളോട് എങ്ങനെ പ്രതികരിക്കണം? യേശു പർവ്വതപ്രസംഗത്തിൽ ഇതിന് കൃത്യമായ മറുപടി നൽകുന്നുണ്ട്: 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' (മത്തായി 5:44).

വിമർശിക്കുന്നവരെ ശത്രുക്കളായി കാണാതെ, അവർക്കായി പ്രാർത്ഥിക്കാനും അവർക്ക് നന്മ ചെയ്യാനും സാധിക്കുമ്പോഴാണ് നാം യഥാർത്ഥ ക്രിസ്തുശിഷ്യരാകുന്നത്.

4. ദൈവത്തിന്റെ അംഗീകാരത്തിന് മുൻഗണന നൽകുക

മനുഷ്യർ നമ്മെക്കുറിച്ച് എന്ത് പറയുന്നു എന്നതിനേക്കാൾ ദൈവം നമ്മെക്കുറിച്ച് എന്ത് കരുതുന്നു എന്നതിനാണ് നാം പ്രാധാന്യം നൽകേണ്ടത്. മനുഷ്യരെ പ്രസാദിപ്പിക്കാൻ നോക്കിയാൽ നമുക്ക് ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയില്ല. 'ഞാൻ ഇപ്പോൾ മനുഷ്യരുടെ പ്രീതിയോ, അതോ ദൈവത്തിന്റെ പ്രീതിയോ ആണോ അന്വേഷിക്കുന്നത്? ... ഞാൻ ഇപ്പോഴും മനുഷ്യരെ പ്രസാദിപ്പിക്കുന്നവനായിരുന്നെങ്കിൽ ക്രിസ്തുവിന്റെ ദാസനാവുകയില്ലായിരുന്നു' (ഗലാത്യർ 1:10). 'മറ്റുള്ളവർ നിങ്ങളെ വിമർശിക്കുമ്പോൾ വിഷമിക്കേണ്ട. കാരണം, കായ്പ്പുള്ള മരങ്ങളിലേ ആളുകൾ കല്ലെറിയാറുള്ളൂ' എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞു.

വിമർശനങ്ങൾ ഒരു ശില്പിയുടെ ഉളി പോലെയാണ്. അത് നമ്മെ വേദനിപ്പിച്ചേക്കാം, പക്ഷേ ശരിയായ രീതിയിൽ അതിനെ സ്വീകരിച്ചാൽ അത് നമ്മിലെ അനാവശ്യ ഭാഗങ്ങളെ ചെത്തിമാറ്റി മനോഹരമായ ഒരു ശില്പമാക്കി നമ്മെ മാറ്റും. വിമർശനങ്ങൾ ഉണ്ടാകുമ്പോൾ തളർന്നുപോകാതെ, ക്രിസ്തുവിനെപ്പോലെ ക്ഷമയോടും പ്രാർത്ഥനയോടും കൂടെ അതിനെ നേരിടാം. അത് നമ്മെ ആത്മീയമായും വ്യക്തിപരമായും കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കും.

ജീവിതം

നിശ്ശബ്ദതയിൽ പണിയപ്പെടുന്ന ദൈവാലയം



ജെയിൻ എഡ്സൺ

നമ്മുടെ പ്രാർത്ഥനാമുറിയും ജീവിതരൂപീകരണവും

ഒരു കെട്ടിടം പണിയുന്ന സ്ഥലം നാം സന്ദർശിച്ചാൽ അവിടെ ആദ്യം അനുഭവപ്പെടുന്നത് വലിയ ബഹളങ്ങളാണ്. ലോറികളിൽ വന്നിറങ്ങുന്ന മെറ്റീരിയലുകൾ, മേസ്തിരിമാരുടെയും കയ്യാളുകളുടെയും കാർപെന്റർമാരുടെയും തിരക്കുപിടിച്ച സംസാരങ്ങൾ, പലവിധ പണിയായുധങ്ങളുടെ ഒച്ചപ്പാടുകൾ... ഇങ്ങനെ ആകെ ബഹളമയമായ ഒരു അന്തരീക്ഷമായിരിക്കും അവിടെ. ഒരു ദിവസം ഈ ശബ്ദങ്ങളൊന്നും കേൾക്കുന്നില്ലെങ്കിൽ, 'ഇന്ന് ഇവിടെ പണിയില്ലേ?' എന്ന് ആളുകൾ അത്ഭുതത്തോടെ ചോദിക്കുകയും ചെയ്യും.

എന്നാൽ, ഇതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായ ഒരു നിർമ്മാണത്തെക്കുറിച്ച് ബൈബിളിൽ നാം വായിക്കുന്നുണ്ട്. യെരുശലേം ദൈവാലയത്തിന്റെ നിർമ്മാണമായിരുന്നു അത്.

ദൈവാലയത്തിന്റെ പണി നടക്കുമ്പോൾ അവിടെ യാതൊരുവിധ പണിയായുധങ്ങളുടെയോ ഇരുമ്പായുധങ്ങളുടെയോ ശബ്ദം കേൾക്കാനില്ലായിരുന്നു എന്ന് 1 രാജാക്കന്മാർ 6:7ൽ വ്യക്തമായി പറയുന്നുണ്ട്.

'വെട്ടുകുഴിയിൽ വെച്ചുതന്നെ കുറവുതീർത്ത കല്ലുകൊണ്ട് ആലയം പണിതതിനാൽ, അത് പണിയുന്ന സമയത്ത് ചുറ്റിക, മഴു മുതലായ യാതൊരു ഇരുമ്പായുധത്തിന്റെ ഒച്ച ആലയത്തിങ്കൽ കേൾപ്പാനില്ലായിരുന്നു.'

കരിങ്കല്ല് ഉപയോഗിച്ച് ഒരു കെട്ടിടം പണിയുമ്പോൾ, ഓരോ കല്ലും കൃത്യമായ ആകൃതിയിൽ (Shape) ചെത്തിമിനുക്കി പരസ്പരം യോജിപ്പിച്ചു വയ്ക്കുക എന്നത് വലിയ പ്രയത്നമാണ്. എന്നാൽ യെരുശലേം ദൈവാലയത്തിനായി കല്ലുകൾ ചെത്തിമിനുക്കിയത് പണിസ്ഥലത്ത് വച്ചല്ലായിരുന്നു, മറിച്ച് അത് വെട്ടുകുഴിയിൽ (Quarry) വച്ചുതന്നെ പൂർണ്ണമായി തീർത്തിട്ടാണ് ഇങ്ങോട്ട് കൊണ്ടുവന്നത്. അതുകൊണ്ടാണ് നിർമ്മാണവേളയിൽ അവിടെ തികഞ്ഞ നിശ്ശബ്ദത നിലനിന്നത്.

നമ്മുടെ ജീവിതത്തിലെ 'കാറി' അഥവാ പ്രാർത്ഥനാമുറി

ഈ വചനഭാഗം നമ്മുടെ ആത്മീയകുടുംബ ജീവിതങ്ങളിലേക്ക് വിരൽചൂണ്ടുന്ന വലിയൊരു തത്വമുണ്ട്. ദൈവത്തിന്റെ ആലയമായി മാറേണ്ട നമ്മുടെ ജീവിതങ്ങൾ രൂപപ്പെടേണ്ടത് നമ്മുടെ പ്രാർത്ഥനാമുറികളിലാണ്. ആ രഹസ്യ അറയാണ് നമ്മുടെ 'കാറി'.

നമ്മുടെ സ്വഭാവത്തിലെ കൂർത്ത വശങ്ങളും പരുക്കൻ സ്വഭാവങ്ങളും പൊട്ടിച്ചുകളയേണ്ടത് മറ്റുള്ളവരുടെ മുന്നിൽ വെച്ചല്ല, മറിച്ച് പ്രാർത്ഥനാമുറിയിൽ ദൈവസന്നിധിയിലാണ്. മറ്റുള്ളവരുമായി യോജിച്ചു പോകാൻ തടസ്സമായി നിൽക്കുന്ന നമ്മുടെ സ്വഭാവവൈകല്യങ്ങൾ പ്രാർത്ഥനയിലൂടെ ദൈവകരങ്ങളിൽ ഏൽപ്പിച്ച് ശരിയാക്കിയെടുക്കണം. അങ്ങനെ സംഭവിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും കുടുംബത്തിലും അനാവശ്യമായ തർക്കങ്ങളുടെയോ കലഹങ്ങളുടെയോ ശബ്ദങ്ങൾ ഉയരുകയില്ല.

ഒരു കുടുംബജീവിതം എന്നത് ഈ കല്ലുകൾ പരസ്പരം ചേർന്നിരിക്കുന്നത് പോലെയാണ്. കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കുകയും അവർക്ക് കീഴ്പ്പെട്ടിരിക്കുകയും ചെയ്യുമ്പോൾ, മക്കൾ വിവാഹിതരാകുമ്പോൾ കുടുംബത്തിൽ ഉണ്ടാകുന്ന വർദ്ധനവ് ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുമ്പോൾ അവിടെ കല്ലുകൾ തമ്മിൽ കൃത്യമായി യോജിച്ചു നിൽക്കുന്ന മനോഹരമായ അനുഭവം ഉണ്ടാകുന്നു. അവിടെ അസ്വാരസ്യങ്ങൾക്ക് സ്ഥാനമില്ലാതാവുകയും സമാധാനവും സന്തോഷവും അഭിപ്രായസമത്വവും നിറയുകയും ചെയ്യും.

മാറ്റപ്പെടേണ്ട നമ്മുടെ 'കൂർത്ത വശങ്ങൾ' നമ്മെത്തന്നെ നിശ്ശബ്ദമാക്കി (Silence) ആത്മപരിശോധന ചെയ്യുമ്പോൾ, നമ്മുടെ ജീവിതത്തിൽ നിന്നും മാറ്റപ്പെടേണ്ട അനേകം 'കൂർത്ത വശങ്ങൾ' നമുക്ക് കണ്ടെത്താൻ കഴിയും. അവ പലപ്പോഴും താഴെ പറയുന്നവയാകാം:

- നിയന്ത്രണമില്ലാത്ത കോപവും പൊട്ടിത്തെറിക്കുന്ന സ്വഭാവവും
- ക്ഷമിക്കാനും വിട്ടുകൊടുക്കാനുമുള്ള മടി, പ്രതികാര ചിന്തകൾ
- മറ്റുള്ളവരെ കളിയാക്കുന്ന സ്വഭാവം, വിവേകമില്ലാത്ത സംസാരം
- മടിയും അലസതയും, ആത്മവിശ്വാസക്കുറവ്
- മറ്റുള്ളവർക്ക് അർഹമായ ബഹുമാനം നൽകാതിരിക്കലും അഹങ്കാരവും
- എടുത്തുചാടിയുള്ള സംസാരവും കരഞ്ഞു ബഹളം വയ്ക്കലും

നമ്മുടെ മനസ്സിൽ നിന്നും സംസാരത്തിൽ നിന്നും പ്രവർത്തികളിൽ നിന്നും ഇത്തരം 'ബഹളങ്ങളെ' നാം പൂർണ്ണമായി നിർത്തൽ ചെയ്യേണ്ടതുണ്ട്. നാം നമ്മെത്തന്നെ നിശ്ശബ്ദമാക്കുമ്പോൾ (Silence), മറ്റുള്ളവർ നമ്മുടെ നേരെ അനാവശ്യമായ ആയുധങ്ങളുമായി വരികയുമില്ല.

ഉപസംഹാരം

നമുക്കും മറ്റുള്ളവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന നമ്മുടെ സ്വഭാവത്തിന്റെ എല്ലാ കൂർത്ത വശങ്ങളെയും ദൈവകരങ്ങളിൽ ഏൽപ്പിച്ച് കൊടുക്കാം. അതിനായി നമുക്ക് ആഗ്രഹത്തോടെ പ്രാർത്ഥിക്കാം. നമ്മുടെ പ്രാർത്ഥനാമുറിയിൽ വച്ച് ദൈവം നമ്മെ ചെത്തിമിനുക്കട്ടെ. അപ്പോൾ അനാവശ്യമായ ഒച്ചപ്പാടുകളില്ലാതെ, ദൈവത്തിന് വസിക്കാൻ യോഗ്യമായ ഏറ്റവും മനോഹരമായ ഒരു ആത്മീയ ആലയമായി നമ്മുടെ ജീവിതങ്ങൾ മാറും!

> കുടുംബജീവിതം എന്നത് ഈ കല്ലുകൾ പരസ്പരം ചേർന്നിരിക്കുന്നത് പോലെയാണ്. കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കുകയും അവർക്ക് കീഴ്പ്പെട്ടിരിക്കുകയും ചെയ്യുമ്പോൾ, മക്കൾ വിവാഹിതരാകുമ്പോൾ കുടുംബത്തിൽ ഉണ്ടാകുന്ന വർദ്ധനവ് ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുമ്പോൾ അവിടെ കല്ലുകൾ തമ്മിൽ കൃത്യമായി യോജിച്ചു നിൽക്കുന്ന മനോഹരമായ അനുഭവം ഉണ്ടാകുന്നു. അവിടെ അസ്വാരസ്യങ്ങൾക്ക് സ്ഥാനമില്ലാതാവുകയും സമാധാനവും സന്തോഷവും അഭിപ്രായസമത്വവും നിറയുകയും ചെയ്യും.

എജി മലയാളം ഡിസ്ട്രിക്ട് സി.എ ഭാരവാഹികൾ



പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് യുവജന വിഭാഗമായ സി.എയ്ക്ക് പുതുനേതൃത്വം. പാസ്റ്റർ സാം റോബിൻസൺ (പ്രസിഡന്റ്) പാസ്റ്റർ സി.വിജയദാസ് (വൈസ് പ്രസിഡന്റ്) പാസ്റ്റർ പവീൻ എസ്. ജോർജ് (സെക്രട്ടറി) പാസ്റ്റർ റിജുമോൻ കെ.കോര (ജോയിന്റ് സെക്രട്ടറി)പാസ്റ്റർ സിബിൻ മാത്യു (ട്രഷറാർ) ബ്രദർ ജോൺസൻ ജോയി (ഇവാഞ്ചലിസം കൺവീനർ) ബ്രദർ ജോഷിൻ വർഗീസ് (ചാരിറ്റി കൺവീനർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഇവരിൽ പാസ്റ്റർ പവീൻ എസ്.ജോർജ് ഒഴികെ എല്ലാവരും പുതുമുഖങ്ങളാണ്. പുനലൂർ എ.ജി.ഓഫീസിൽ നടന്ന തെരഞ്ഞെടുപ്പിന് ഡിസ്ട്രിക്ട് സൂപ്രണ്ട് ഡോ.ടി.ജെ. സാമുവേൽ നേതൃത്വം നല്കി. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള അമ്പത്തിയേഴ് സെക്ഷനുകളിലെ ഭാരവാഹികൾ അടങ്ങുന്ന പൊതുയോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്.

എ.ജി.സഭാ സൂപ്രണ്ട് ഡോ.ടി.ജെ. സാമുവേൽ നിയമന പ്രാർത്ഥന നടത്തി. അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ തോമസ് ഫിലിപ്പ്, സെക്രട്ടറി പാസ്റ്റർ ജോസ് ടി.ജോർജ് തുടങ്ങിയവർ നേതൃത്വം നല്കി. 2026 മുതൽ 2028 വരെയാണ് കമ്മിറ്റിയുടെ കാലാവധി.

നോർത്ത് അമേരിക്കൻ ദൈവസഭകളുടെ...


(1-ാം പേജ് തുടർച്ച)

വും ദൈവം ഈ മലനാടായ സംസ്ഥാനത്തിന് സമ്മാനിച്ച സ്വാഭാവിക അത്ഭുതങ്ങളെ കണ്ടെത്താനും അവസരം നൽകുന്ന അവിസ്മരണീയമായ ദിനങ്ങളാണ്. സമ്മേളനത്തിന്റെ കൺവീനർ റവ. ബെൻസൺ എബ്രഹാം, വൈസ് പ്രസിഡന്റ് റവ. സൈമൺ ഫിലിപ്പ്, സെക്രട്ടറി ഡോ.ഷിബു സാമുവേൽ, ട്രഷറർ റവ ജെയിംസ് എബ്രഹാം എന്നിവരും, പാസ്റ്റർ ഡാർവിൻ വിൽസൺ ഇംഗ്ലീഷ് കോഡിനേറ്ററായും ഡോ.ജോളി ജോസഫ് ലേഡീസ് പ്രസിഡണ്ട് നിലയിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

സമ്മേളനത്തിന് മുന്നോടിയായി ജൂലൈ 8, 9 തീയതികളിൽ ശുശ്രൂഷകന്മാരുടെ കുടുംബ സമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്.

കോൺഫ്രൻസിന്റെ വിവിധ സമയങ്ങളിലായി ആത്മാവിൽ ഏകീകരണം എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചു സംസാരിക്കുവാൻ പ്രാദേശിക സഭകളിലെ ദൈവദാസന്മാർക്കൊപ്പം അതിഥികളായ ദൈവദാസന്മാർ റെജി ശാസ്താംകോട്ട, ഷിബു തോമസ് (ഒക്ലഹോമ) അനീഷ് തോമസ് (കേരളം) ഗ്ലാഡ്സൺ വർഗീസ് (യു.എ.ഇ) എന്നിവർക്കു പുറമെ അമേരിക്കയിൽ അറിയപ്പെടുന്ന ഉണർവ് പ്രസംഗകരായ ടോണി സ്റ്റുവാർട്ട്, ബോബി ആൻഡ്രൂസ് എന്നിവരും ദൈവവചനം പങ്കിടും.

ജനറേഷൻ സെറ്റ് അപ്പാർട് എന്ന പേരിൽ യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേകം മീറ്റിങ്ങുകൾ ക്രമീകരിച്ചിട്ടുണ്ട്. ദൈവദാസന്മാരായ ജസ്റ്റിൻ ശാമുവേൽ, ദിലീപ് കുര്യൻ, ഗൂഡ്വിൻ ജോർജ്, അലൻ ജോർജ്, ലിൻസൺ ഡാനിയേൽ, ഡെൻസിൽ വിൽസൺ എന്നിവർ ഇംഗ്ലീഷ് വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നു. റോയ് വർഗീസ് ലോക്കൽ കോർഡിനേറ്ററായി പ്രവർത്തിക്കുന്നു.



മരുപ്പച്ച വെബ്സൈറ്റിൽ
www.maruppacha.com
Email: maruppacha @gmail.com
Whatsapp: 9961720195

പെന്തെക്കോസ്തൽ അസംബ്ലി മസ്കറ്റ് (ഒ.പി.എ.)
27-ാമത്
കുടുംബസംഗമം
2026 ജൂൺ 27
ഒ.പി.എ. സെസ്സ് ഓഫീസ് കോംപ്ലക്സ്, വെട്ടിയാർ

വെട്ടിയാർ: പെന്തെക്കോസ്തൽ അസംബ്ലി മസ്കറ്റിന്റെ **(OPA Muscat)** ഇന്ത്യയിലെ കുടുംബസംഗമം **2026 ജൂൺ 27ന് രാവിലെ 09:00 മുതൽ 12:30 വരെ** ഒ.പി.എ. മുൻശുശ്രൂഷകൻ **പാസ്റ്റർ ജോൺ വി. സാമുവേലിന്റെ** അദ്ധ്യക്ഷതയിൽ വെട്ടിയാർ ഒ.പി.എ. സെസ്സ് കോംപ്ലക്സിൽ വെച്ച് നടത്തപ്പെടുന്നു. ഷാരോൺ ഫെല്ലോഷിപ്പ് ചർച്ച ജനറൽ പ്രസിഡന്റ് **പാസ്റ്റർ ജോൺസൺ കെ. സാമുവേൽ** മുഖ്യപ്രഭാഷകനായിരിക്കുന്ന ഈ ആത്മീയ സംഗമത്തിൽ എല്ലാ എക്സ് ഒ.പി.എ. അംഗങ്ങളും അവധിയോടനുബന്ധിച്ചു നാട്ടിൽ വന്നിട്ടുള്ള എല്ലാ ഒ.പി.എ. അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും വന്നു ചേരണമെന്ന് അറിയിക്കുന്നു.

1973-ൽ ഒമാനിൽ ആരംഭിച്ചതും ഉപദേശപരമായി യോജിക്കുവാൻ കഴിയുന്ന എല്ലാ പെന്തെക്കോസ്ത് വിഭാഗങ്ങളും ചേർന്ന് ആത്മീക ഐക്യതയിൽ ദൈവത്തെ ആരാധിക്കുന്നതുമായ മദ്ധ്യപൂർവ്വദേശത്തെ ഏറ്റവും വലിയ മലയാളി സഭയായി ഒ.പി.എ. മസ്ക്കറ്റ് നിലകൊള്ളുന്നതോടൊപ്പം ഒമാന്റെ വിവിധ ഭാഗങ്ങളായി 13 ബ്രാഞ്ച് സഭകളുമുണ്ട്. പെന്തെക്കോസ്ത് സഭകൾ തമ്മിലുള്ള ഐക്യത ലോകത്തെ വിളിച്ചറിയിച്ചുകൊണ്ട് അൻപത്തി മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന പെന്തെക്കോസ്തൽ അസംബ്ലി മസ്ക്കറ്റിനെ സർവ്വശക്തൻ ദിനംപ്രതി വളർത്തിക്കൊണ്ടിരിക്കുന്നു.

OPA-CESS എന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ മെമ്പർഷിപ്പ് പുതുക്കുന്നതിനും പുതിയതായി മെമ്പർഷിപ്പ് എടുക്കുന്നതിനും ഈ കൂടിവരവിൽ അവസരം ഉണ്ടായിരിക്കുന്നതാണ്.

ഇത് ഒരു ക്ഷണക്കത്തായി സ്വീകരിച്ച് എല്ലാ OPA, Ex-OPA അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഈ കൂടിവരവിൽ പ്രാർത്ഥനയോടു കൂടി വന്ന് സംബന്ധിക്കണമേ എന്ന് അപേക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന ഫോൺനമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

OPA CESS LOCATION

മാത്യു സാമുവേൽ
(കോ- ഓർഡിനേറ്റർ)
8547 70 5162

കേരള രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന്...

(1-ാം പേജ് തുടർച്ച)

ങ്ങൾ കൊണ്ട് പരിഹരിക്കാനാവില്ല. ഇന്നുള്ള എല്ലാ കമ്യൂണിസ്റ്റുകളും തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണിത്. കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റെ കർക്കശമായ ചട്ടക്കൂടിനേക്കാൾ ഉപരിയായി, ജനാധിപത്യത്തിലും മനുഷ്യാവകാശങ്ങളിലും അധിഷ്ഠിതമായ ആധുനിക ഇടതുപക്ഷ ചിന്താഗതിയാണ് കേരളത്തിനാവശ്യം. പഴയ വ്യവസായ വിപ്ലവകാലത്ത് രൂപപ്പെട്ട ആശയങ്ങൾക്ക് ഇന്നത്തെ വിജ്ഞാനസമൂഹത്തെ നയിക്കാൻ പരിമിതികളുണ്ട്. പ്രവാസികളും സ്റ്റാർട്ടപ്പുകളും ഐ.ടി. മേഖലയും എ.ഐ സാങ്കേതിക വിദ്യയും ഗതിനിർണയിക്കാൻ പ്രാപ്തരായി നിൽക്കുന്ന പുതിയ കേരളത്തിൽ 'തൊഴിലാളിമുതലാളി' എന്ന പഴയ വിഭജനത്തിന് പ്രസക്തി നഷ്ടപ്പെട്ടു. സംരംഭകരെയും തൊഴിലാളികളെയും സാമൂഹിക നീതിയുടെ അടിസ്ഥാനത്തിൽ ഒരുപോലെ ചേർത്തുപിടിക്കുന്ന പുതിയൊരു ഇടതുപക്ഷ രാഷ്ട്രീയമാണ് കേരളത്തിൽ ഉയർന്നു വരേണ്ടത്.

കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിക്കുമ്പോഴും ലോകത്തിലെ ഏറ്റവും വലിയ മുതലാളിത്ത വിപണിയായി മാറാൻ ചൈനയ്ക്ക് സാധിച്ചു. 1978ൽ ഡെങ് സിയാവോപിങ് കൊണ്ടുവന്ന പരിഷ്കാരങ്ങൾ ചൈനീസ് സമ്പദ്വ്യവസ്ഥയെ വലിയ വളർച്ചയിലേക്ക് നയിച്ചു. 'പൂച്ചയുടെ നിറമല്ല, അത് എലിയെ പിടിക്കുന്നുണ്ടോ എന്നതാണ് പ്രധാനം' എന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വിദേശ നിക്ഷേപത്തെയും സ്വകാര്യ സ്വത്തിനെയും പ്രോത്സാഹിപ്പിച്ചു.

കമ്മ്യൂണിസ്റ്റ് പാർട്ടികളിലെ 'ഡെമോക്രാറ്റിക് സെൻട്രലിസം' പലപ്പോഴും സ്വതന്ത്ര ചിന്തകളെ തടയുന്നു. ചോദ്യം ചോദിക്കുന്നവരെയും തിരുത്തലുകൾ നിർദ്ദേശിക്കുന്നവരെയും പാർട്ടിക്ക് പുറത്താക്കുന്ന രീതി ജനാധിപത്യപരമല്ല. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ പയ്യന്നൂരിലും തളിപ്പറമ്പിലും അമ്പലപ്പുഴയിലുമെല്ലാം കണ്ട വിമത സ്വരങ്ങൾ ഇത്തരം അസഹിഷ്ണുതയുടെ ഫലമാണ്. ലോകത്തെ ഇടതു രാഷ്ട്രീയം കൂടുതൽ ജനാധിപത്യപരമായി മാറുമ്പോഴും കേരളത്തിലെ പാർട്ടികൾ സിദ്ധാന്തങ്ങളിൽ മാത്രം തൂങ്ങിക്കിടക്കുന്നത് വലിയൊരു പ്രശ്നമാണ്.

പരമ്പരാഗത ശൈലി പിന്തുടരുമ്പോഴും സ്ത്രീസമത്വം, കാലാവസ്ഥാ വ്യതിയാനം, എക്കോ സോഷ്യലിസം, യൂണിവേഴ്സൽ ബേസിക് ഇൻകം, കീർ പൊളിറ്റിക്സ് തുടങ്ങിയ ആധുനിക വിഷയങ്ങൾ ചർച്ച ചെയ്യാൻ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ തയ്യാറാകുന്നില്ല. കാലാവസ്ഥാ വ്യതിയാനം രൂക്ഷമായ കേരളത്തിൽ 'ഗ്രീൻ ലെഫ്റ്റ്' ചിന്തകൾക്ക് വലിയ പ്രാധാന്യമുണ്ട്. വികസനവും പരിസ്ഥിതിയും തമ്മിലുള്ള സംതുലിതാവസ്ഥ നിലനിർത്താൻ പുതിയ കാഴ്ചപ്പാടുകൾ ആവശ്യമാണ്.

കേരളത്തിന് ഇനി വേണ്ടത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കീഴിൽ അന്ധമായി അനുസരിക്കുന്നവരെയല്ല, മറിച്ച് സാമൂഹിക നീതിയും പരിസ്ഥിതി ബോധവും ലിബറൽ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു സ്വതന്ത്ര ഇടതുപക്ഷ രാഷ്ട്രീയത്തെയാണ്. നിരീശ്വരവാദം, യുക്തിവാദം എന്നിവയിൽ വിശ്വസിക്കുന്ന വർദ്ധിച്ചുവരുന്ന സമൂഹത്തെ ശരിയായ ഇടതുപക്ഷ മൂല്യങ്ങൾ കൊണ്ട് നയിക്കേണ്ടതുണ്ട്. അതിനായി കമ്മ്യൂണിസ്റ്റ് പാർട്ടികൾ സ്വയം പരിഷ്കരിക്കുകയോ ജനാധിപത്യപരമായ പുതിയ രാഷ്ട്രീയ ധാരകൾക്ക് വഴിമാറിക്കൊടുക്കുകയോ വേണം. മാറിയ ലോക സാഹചര്യത്തിൽ പാർട്ടിയേക്കാൾ ഉപരിയായി ജനപക്ഷത്തിനാണ് പ്രാധാന്യമെന്ന യാഥാർത്ഥ്യം തിരിച്ചറിയപ്പെടണം.

'ചിതറി'പ്പാർക്കുന്നവർ..!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

ഒരുവനിൽ നിന്ന് ഉത്ഭവിച്ച മനുഷ്യ വംശം ഇന്ന് ശതകോടിക്കണക്കിന് ജനങ്ങളായി പെരുകി ഭൂമിയിലെങ്ങും ചിതറിപ്പാർക്കുകയാണ്. മദ്ധ്യേഷ്യയിലെ യൂഫ്രട്ടീസ്-ടൈഗ്രീസ് നദീതടത്തിൽ മൊട്ടിട്ട മെസൊപൊട്ടേമിയൻ നാഗരികതയാണ് ലോകത്തിലെ ഏറ്റവും പുരാതനമായ സംസ്കാരം എന്ന് നാം സാമൂഹ്യപാഠത്തിൽ പഠിക്കുന്നു. ബൈബിളിലെ വിവരണവും ഇത് ശരിവയ്ക്കുന്നതാണ്. മനുഷ്യർ വിവിധ ജാതികളും വംശങ്ങളുമായി പിരിഞ്ഞുപോയതിനെപ്പറ്റി ഉല്പത്തി 10,11 അദ്ധ്യായങ്ങളിൽ പരാമർശിക്കുന്നുണ്ട്. നോഹയുടെ കാലത്തെ പ്രളയത്തിന് ശേഷം അവർ ശിനാർ സമഭൂമിയിൽ കുടിയിരുന്നു. ഭൂതലത്തിലെങ്ങും ചിതറിപ്പോകാതിരിക്കാൻ ഒരു പട്ടണവും സ്വർഗ്ഗത്തോളം എത്തുന്ന ഒരു ഗോപുരവും പണിയുവാൻ തുടങ്ങി (ഉല്പ. 11:4). എന്നാൽ ദൈവം ഇറങ്ങിവന്ന് അവരുടെ ഭാഷ കലക്കിക്കളഞ്ഞതിനാൽ പെട്ടെന്ന് ഒരു ദിവസം അവർ വിവിധഭാഷകൾ സംസാരിക്കുന്നവരായിത്തീർന്നു, തന്മൂലം ആ ഗോപുരംപണി തീർക്കാൻ സാധിക്കാതെ അവർ ഭാഷയുടെ അടിസ്ഥാനത്തിൽ വിവിധ സമൂഹങ്ങളായി വിവിധ ദേശങ്ങളിലേക്ക് ചിതറിപ്പോയി. ബാബേൽ എന്ന് ഈ സംഭവം ഇന്ന് അറിയപ്പെടുന്നു.

നോഹയുടെ പുത്രന്മാരിൽ ശേമിന്റെ വംശത്തിൽ ഉൾപ്പെട്ടവർ സെമിറ്റിക് ഗോത്രങ്ങളായി മദ്ധ്യപൂർവ ദേശത്ത് തമ്പടിച്ചപ്പോൾ ഹാമിന്റെ തലമുറ ആഫ്രിക്കൻ മണ്ണിൽ കുടിപാർത്തു. ഇളയമകനായ യാഫെത്തിന്റെ വംശം യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിലും വാസം ഉറപ്പിച്ചു. അവരെല്ലാം പിന്നെയും വർദ്ധിച്ചുപെരുകിക്കൊണ്ടിരുന്നു. ഭാഷയുടെ അടിസ്ഥാനത്തിൽ മാത്രമല്ല ഈ ചിതറിപ്പോക്ക് സംഭവിച്ചിട്ടുള്ളത്, ഇത് ഒരു സാമൂഹ്യ പ്രതിഭാസമാണ്. വിവിധ കാരണങ്ങളാൽ അത് ചരിത്രത്തിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.



മെസൊപ്പൊട്ടേമിയയിൽ വച്ച് ഉണ്ടായ ദൈവപ്രത്യക്ഷതയെത്തുടർന്ന് അബ്രഹാമും കുടുംബവും കനാനിലേക്ക് പോകാൻ പുറപ്പെട്ട് സിറിയയിലെ ഹാരാനിൽ തമ്പടിച്ചു. പിതാവിന്റെ മരണശേഷമാണ് പിന്നീട് കനാനിലേക്ക് പോയത്. സഹോദരപുത്രനായ ലോത്ത് അബ്രഹാമിനൊപ്പം ഉണ്ടായിരുന്നു. എന്നാൽ അധികം വൈകാതെ അബ്രഹാമും ലോത്തും തമ്മിൽ വേർപിരിഞ്ഞു. "അവർ ഒന്നിച്ചുപാർപ്പാൻ തക്കവണ്ണം ദേശത്തിന് അവരെ വഹിച്ചുകൂടാഞ്ഞു; സമ്പത്ത് വളരെ ഉണ്ടായിരുന്നതുകൊണ്ട് അവർക്ക് ഒന്നിച്ചു പാർക്കാൻ കഴിഞ്ഞില്ല" (ഉല്പ. 13:6).

ഇവിടെ സമ്പത്ത് എന്ന് ഉദ്ദേശിക്കുന്നത് മൃഗസമ്പത്ത് ആണ്. ദേശത്തിലെ പുല്ല് മൃഗുവനും കന്നുകാലികളും ആടുമാടുകളും തിന്നുതീർക്കുന്നു. തന്മൂലം ദേശനിവാസികൾക്ക് അവരുടെ ആടുമാടുകളെ പോറ്റുവാൻ സാധിക്കാതെയാകുന്നു. അബ്രഹാമിന്റെ കന്നുകാലികളുടെ ഇടയന്മാർക്കും ലോത്തിന്റെ കന്നുകാലികളുടെ ഇടയന്മാർക്കും തമ്മിൽ പിണക്കം ഉണ്ടായി. അതുകൊണ്ട് അബ്രഹാം ലോത്തുമായി സംസാരിച്ച് ഇരുവരും തമ്മിൽ വേർപിരിയാൻ തീരുമാനിച്ചു. "എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കം ഉണ്ടാകരുതേ; നാം സഹോദരന്മാരല്ലോ...എന്നെ വിട്ടുപിരിഞ്ഞാലും, നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കൊള്ളാം..."(ഉല്പ. 13:8,9).

വളരെ മാന്യവും തികച്ചും മാതൃകാപരവുമായ ഒരു വേർപിരിയലാണ് അവിടെ സംഭവിച്ചത്. പിന്നീട് തന്റെ സഹോദരപുത്രൻ ആപത്തിലായപ്പോൾ അവനെയും കുടുംബത്തെയും ശത്രുക്കളിൽനിന്ന് മോചിപ്പിക്കാൻ അബ്രഹാം ഓടിയെത്തി പൊരുതിയത് നാം അടുത്ത അദ്ധ്യായത്തിൽ കാണുന്നുണ്ട്. തലമുറകൾ കഴിയുന്തോറും സ്നേഹവും പരസ്പരബന്ധവും സഹകരണവുമെല്ലാം കുറഞ്ഞുകൊണ്ടിരിക്കുമെന്നത് ഒരു സാമൂഹ്യ പ്രതിഭാസമാണ്. ലോത്തിന്റെ തലമുറകൾ മോവാബ്യരും അമ്മോന്യരും, ഏശാവിന്റെ തലമുറ എദോമ്യരും, അബ്രഹാമിന്റെ ദാസിമാരിലുണ്ടായ മക്കളുടെ തലമുറകൾ യിശ്മായേല്യരും മിദ്യാന്യരും മറ്റുമെല്ലാം പലസ്തീന് ചുറ്റിലുമായി ചിതറിപ്പാർത്തുപോന്നു. യാക്കോബിന്റെ തലമുറ മിസ്രയീമിൽനിന്ന് മടങ്ങിവന്ന് പന്ത്രണ്ട് ഗോത്രങ്ങളായി കനാൻദേശം കൈവശമാക്കിയതിന്റെ വിവരണം സംഖ്യാപുസ്തകം, ആവർത്തനം, യോശുവ എന്നീ വേദഭാഗങ്ങളിൽ കാണാം.

ഈ 'ചിതറിക്കൽ' സംഭവിക്കുന്നത് ഭാഷയുടെയും സമ്പത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമല്ല, ദൈവത്തോടുള്ള മറുതലിപ്പ് മൂലവും ആകാം. യിസ്രായേൽ ജനതയോട് ദൈവം മുന്നറിയിപ്പ് നല്കുന്നത് നിങ്ങൾ എന്റെ വചനങ്ങളെ അനുസരിച്ച് നടക്കാതിരുന്നാൽ ഞാൻ നിങ്ങളെ ഭൂതലത്തിലെങ്ങും ചിതറിക്കും എന്നത്രേ. "യഹോവ നിന്നെ ഭൂമിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സർവ്വജാതികളുടെയും ഇടയിൽ ചിതറിക്കും" (ആവർ. 28:64). പ്രസ്തുത തിരുവെഴുത്തിന്റെ നിവൃത്തിയായി വിവിധ കാലഘട്ടങ്ങളിൽ യിസ്രായേൽമക്കൾ ശത്രുക്കളുടെ മുമ്പിൽ തോറ്റ്, തങ്ങളുടെ രാജ്യം ഇല്ലാതെയായി ലോകമെങ്ങും ചിതറിപ്പോയതിന്റെ ചരിത്രവും ബൈബിളിൽ പരാമർശിക്കുന്നുണ്ട്. അശ്ശൂർ, ബാബേൽ എന്നീ രാജ്യങ്ങളാണ് മുഖ്യമായും അവരുടെ പ്രവാസത്തിന് മുഖാന്തിരമായത്.

പുതിയനിയമത്തിൽ യരൂശലേമിന്റെ നാശത്തെപ്പറ്റി കർത്താവ് പ്രവചിക്കുന്നുണ്ട്:"നിന്റെ സന്ദർശനകാലം നീ അറിയാഞ്ഞതുകൊണ്ട് നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്ത് തള്ളിയിട്ട് നിങ്കൽ കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്ക് വരും." (ലൂക്കോ. 19:42-44). എ.ഡി. എഴുപതിൽ അത് നിവൃത്തിയായി. റോമാസൈന്യം യരൂശലേം നഗരവും ആലയവും തകർത്തുകളഞ്ഞു, യഹൂദന്മാരെ കൂട്ടക്കൊല ചെയ്തു. ചിതറിയോടിയ അവർ 1948 മെയ് 14-ന് ആധുനിക യിസ്രായേൽ രാഷ്ട്രം പിറവിയെടുക്കും വരെ ലോകമെങ്ങും പ്രവാസികളായി കഴിഞ്ഞുകൂടി.

റോമാ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ക്രൈസ്തവ സഭ വളർന്ന് പന്തലിക്കുന്നതിന്റെ ഹ്രസ്വചരിത്രം അപ്പോസ്തലപ്രവൃത്തികളിലുണ്ട്. "ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്നരുളിച്ചെയ്ത ക്രിസ്തുവിന്റെ സഭ പീഡനത്തിലൂടെ കടന്നുപോയപ്പോൾ ഈ ചിതറിക്കൽ അനുഭവിച്ചിട്ടുണ്ട്: പ്രഥമ രക്തസാക്ഷിയായ സ്തേഫാനോസ് കൊല്ലപ്പെട്ടതോടെ "..യരൂശലേമിലെ സഭയ്ക്ക് വലിയ ഉപദ്രവം നേരിട്ടു. അപ്പോസ്തലന്മാർ ഒഴികെ എല്ലാവരും യഹൂദ്യ, ശമര്യ ദേശങ്ങളിലേക്ക് ചിതറിപ്പോയി"(അപ്പോ. പ്ര. 8:1).

പക്ഷേ ചിതറിപ്പോയെങ്കിലും ഇവരെല്ലാം തിരുവെഴുത്ത് ആധാരമാക്കി സുവിശേഷം പ്രഘോഷിക്കുന്നത് വിട്ടുകളഞ്ഞില്ല എന്നത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ് (അപ്പോ. പ്ര. 8:4,5). ഫിലിപ്പോസ് ശമര്യയിലെത്തി വചനം പ്രസംഗിച്ചു. ചിലർ മെഡിറ്ററേനിയൻ തീരത്തുള്ള കൈസര്യ, ഫൊയ്നീക്യ, കുപ്രോസ്, അന്ത്യോക്യ മുതലായ പട്ടണങ്ങളിലെത്തി സുവിശേഷം പ്രഘോഷിച്ചു (അപ്പോ. പ്ര. 11:19). പലയിടത്തും വലിയ വീര്യപ്രവൃത്തികൾ നടന്നു.

രണ്ടാമത്തെ മിഷനറിയാത്ര തുടങ്ങാൻ നേരം പൗലോസും ബർന്നബാസും തമ്മിൽ മർക്കോസിനെ കൂടെ കൊണ്ടുപോകുന്നതിനെച്ചൊല്ലി ഉഗ്രവാദമുണ്ടായിട്ട് വേർപിരിഞ്ഞു എന്ന് അപ്പോസ്തലപ്രവൃത്തി 15-ൽ കാണുന്നു. എങ്കിലും അവർ പോയ ദേശങ്ങളിൽ ക്രിസ്തുവിനെ പ്രസംഗിക്കുകയും ദൈവാത്മാവ് അവരെ ഉപയോഗിക്കുകയും ചെയ്തുകൊണ്ടിരുന്നു.

പുതിയ നിയമത്തിൽ യാക്കോബിന്റെ ലേഖനം ആരംഭിക്കുന്നത് തന്നെ ചിതറിപ്പാർക്കുന്ന പന്ത്രണ്ട് ഗോത്രങ്ങൾക്കും വന്ദനം ചൊല്ലിക്കൊണ്ടാണ്. ഏത് കാരണംകൊണ്ട് 'ചിതറി'പ്പോയാലും ദൈവവചനം വിട്ടുകളയരുത്, പരീക്ഷകൾ സഹിച്ചും വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി നിലനിന്ന് അന്ത്യം വരെ കർത്താവിനെ സ്നേഹിച്ചുകൊണ്ട് വാഗ്ദത്തമായ ജീവകിരീടം പ്രാപിക്കണം (യാക്കോ. 1:1-3,12) എന്ന സൂചനയത്രേ യാക്കോബ് നല്കുന്നത്.

ഐപിസി കേരള സ്റ്റേറ്റിന് പുതിയ ഭരണസമിതി

(1-ാം പേജ് തുടർച്ച)

പിഎഫ് ക്യാംപ് സെന്ററിൽ നടന്ന സ്റ്റേറ്റ് ജനറൽ ബോഡിയിൽ എക്സിക്യൂട്ടീവ്സ് ഉൾപ്പടെ 84 കൗൺസിൽ അംഗങ്ങളെ (44 പ്രസ്ബിറ്ററി അംഗങ്ങൾ ആയ പാസ്റ്റേഴ്സ്, 40 വിശ്വാസി സഹോദരന്മാർ) എതിരില്ലാതെ തിരഞ്ഞെടുത്തു.

ജോൺ തോമസ് (ഇലക്ഷൻ കമ്മീഷണർ), ജോൺ മാത്യു, ബെന്നി കൊച്ചുവടക്കേൽ, കെ.എസ്. ജോസ് (റിട്ടേണിങ്ങ് ഓഫീസർമാർ) എന്നിവർ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രവർത്തന ഉദ്ഘാടനം മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡോ. കെ.സി.ജോൺ നിർവഹിച്ചു. പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രഡിഡന്റ് പാസ്റ്റർ ഷിബു നെടുവേലിൽ, സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ട്രഷറർ ബിനു വി. ജോർജ്, ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ കെ.സി. ഉമ്മൻ, ഗ്ലാഡ്സൺ ജേക്കബ്, പി.എം.ഫിലിപ്പ്, ജോയി താനവേലിൽ, ഷാം കുരുവിള, ജി. കുഞ്ഞച്ചൻ, പി.ടി.തോമസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ മാത്യു കെ. വർഗീസ്, സജി വെൺമണി, എം.എ. തോമസ് എന്നിവർ പ്രാർത്ഥനയും ധ്യാനവും നയിച്ചു. ഭാരവാഹികളും സഭാ കൗൺസിൽ അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. സഭാ വെബ് പോർട്ടലിന്റെ ഉദ്ഘാടനം ജനറൽ കൗൺസിൽ അംഗം ജോയി താനവേലിൽ നിർവഹിച്ചു. പാസ്റ്റർ ജെയിംസ് വർഗീസ് പ്രമേയം അവതരിപ്പിച്ചു. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ.സി.തോമസ് നിലവിൽ ഐപിസി കേരള സ്റ്റേറ്റ് പ്രസിഡന്റാണ്. ഐപിസി പേരൂർക്കട ഫെയ്ത്ത് സെന്റർ സഭാ സ്ഥാപകനും ഐപിസി സീനിയർ ശുശ്രൂഷകനും തിരുവനന്തപുരം പേരൂർക്കട സെന്റർ പാസ്റ്ററുമാണ്. സ്റ്റേറ്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജനറൽ കൗൺസിൽ അംഗം, പി.വൈ.പി.എ സ്റ്റേറ്റ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. 4 ാം തവണയാണ് സ്റ്റേറ്റ് പ്രസിഡന്റാകുന്നത്. തലവടി ഇടയത്ര കുടുംബാംഗമാണ്. വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഷിബു നെടുവേലിൽ, ഐപിസി കേരള സ്റ്റേറ്റ് സെക്രട്ടറിയായും ജോയിന്റ് സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. മാരാമൺ ഐപിസി സഭാ സ്ഥാപകനും പി.വൈ.പി.എ സ്റ്റേറ്റ് മുൻ എക്സിക്യൂട്ടീവുമാണ്. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ നിലവിൽ ഐപിസി കേരള സ്റ്റേറ്റ് സെക്രട്ടറിയാണ്. ജോയിന്റ് സെക്രട്ടറിയായും പി.വൈ.പി.എ സ്റ്റേറ്റ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വെമ്പായം സെന്റർ പാസ്റ്ററും ഐ.പി.സി ജയോത്സവം വർഷിപ്പ് സെന്റർ സ്ഥാപക പാസ്റ്ററുമാണ്. ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ബിനു വി.ജോർജ് തിരുവനന്തപുരം താബോർ സഭാ സെക്രട്ടറിയാണ്. ഐപിസി കേരള സ്റ്റേറ്റ് കൗൺസിൽ അംഗവും തീരദേശ മിഷൻ ബോർഡ് സെക്രട്ടറിയുമാണ്. കാൻസർ രോഗികൾക്ക് ഉൾപ്പടെ ആതുര സേവന രംഗത്ത് പ്രവർത്തിക്കുന്ന താബോർ ആശ്വാസഭവന്റെ പ്രാരംഭ ട്രഷററും വിവിധ ബിസിനസ് സംരംഭങ്ങളുടെ സിഇഒയും ആണ്.

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
MATHEW C. SAMUEL

SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

Phone - 22411060, Mob: 9382599333

MM 58/26 CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.

9969819656
Email:
chauhansurekha311@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 57/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 56/26 ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'

9567525255, 9744043028

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 55/26 തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9744632187

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 54/26 പെന്തക്കോസ്ത് യുവതി. 29 വയസ്. 161 സെ. മീ., ഫാം ഡി., ക്ലിനിക്കൽ ഫാർമസിസ്റ്റായി ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9744561980

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി.എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM47/26 നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM45/26 Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.

Ph. +919495026157

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181
or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM42/25 Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance

Ph: 7025528037

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080,
9382599333
ckreji@gmail.com,
ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM40/25 Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.

Mob-9446909546,
9400751030.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM38/25 പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447579497,
9447863308

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM37/25 Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.

Ph. +91 98471 86700,
9656223322,
8281150000

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM36/25 Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.

Ph: 6238231410

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.

Ph: 8943619818

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM15/25 Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.

+971529165874
usha25elizabeth@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM18/25 ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

9847683343

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM19/25 Syrian Christian Pentecostal Parents Invite Proposal For Their Son.DOB. 22.9.1995. 170 c.m MBBS, Doctor. Currently Working as a Resident Medical Officer At Private Hospital. Prayerfully Seeking Suitable Alliances From Spiritual And Professional Qualified Girls From India or Abroad.

Ph: 918547317844,
9446977844

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM20/25 Christian pentecostal (syrian) parents are inviting proposal for their daughter, who is God-fearing, born again, baptized girl (27 / 159 cm / B.Tech, MBA) currently working as Technology Analyst/Functional consultant, MNC project in Europe. Seeking suitable proposals from parents of God fearing, spiritual, and professionally qualified boys preferably abroad. Please respond with photos and details to our whatsapp number

Ph: 9567695887,
+965 6908 9839


MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101

മരുപ്പച്ച
സമകാലിക പത്രിക

www.maruppacha.com

ജൂൺ 20, 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 20 - 06 - 2026





ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു


മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ചു ള്ള ചരിത്രവും ഏറ്റവും പുതിയ സ്ഥിതി വിവരങ്ങളും ഉൾപ്പെടുത്തി ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു. 2017 ലാണ് അവസാനമായി ഹാലേലൂയ്യാ ഇയർ ബുക്ക് പുറത്തിറങ്ങിയത്. കഴിഞ്ഞ 10 വർഷം കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിനുണ്ടായ മാറ്റങ്ങളുടെയും വളർച്ചയുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച പതിപ്പായിരിക്കും വീണ്ടും പ്രസിദ്ധീകരിക്കുന്നത്. പുതിയ എഡിഷനിലേക്കുള്ള വിവരശേഖരണ ജോലികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ചരിത്രം 1905 മുതൽ 2026 വരെ ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സംഭവങ്ങൾ, ഓരോ പെന്തെക്കോസ്ത് പ്രസ്ഥാനത്തെയും കുറിച്ചുള്ള വിപുലമായ ചരിത്രവും സ്ഥിതിവിവര കണക്കുകളും പാരാ ചർച്ച് മൂവ്മെന്റുകൾ, മിഷനറി പ്രസ്ഥാനങ്ങൾ, ഐക്യ പ്രസ്ഥാനങ്ങൾ തുടങ്ങി നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ, കൂടാതെ 'ഹു ഈസ് ഹു' എന്ന പേരിൽ പ്രമുഖരായ സഭാനേതാക്കൾ മുതൽ കൺവെൻഷൻ പ്രസംഗകർ, വർഷിപ്പ് ലീഡേഴ്സ്, ഇൻഫ്ലുവൻസേഴ്സ്, യുവജന പ്രവർത്തകർ തുടങ്ങിയ വിവിധ നിലകളിൽ നിന്നുള്ള വ്യക്തികളുടെ വിവരണങ്ങൾ.

പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തുമുള്ള ലോക്കൽ സഭകളുടെ വിവരണങ്ങൾ, ഫോൺ നമ്പറുകൾ തുടങ്ങി 0പെന്തെക്കോസ്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്ന രീതിയിലാണ് ഇയർ ബുക്ക് തയ്യാറാക്കുന്നത്.

വിവരശേഖരണത്തിൽ സഹകരണം തേടുന്നു

ഇയർ ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ, യുവജന പ്രവർത്തകർ തുടങ്ങിയവരുടെ സഹായം ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പര്യമുള്ളവർ നിങ്ങളുടെ പേരും സ്ഥലവും വാട്സാപ്പ് ചെയ്യുക. **9349500155.**



2027 ജനുവരിയിൽ പ്രസിദ്ധീകരിക്കും

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.